# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 499

01.12.2015 ൽ മറുപടിയ്ക്ക്

## അംഗത്വം നിഷേധിക്കുന്നതായ സഹകരണ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും അർഹമായ വിഹിതങ്ങൾ നേടുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒട്ടേറെ സഹകരണ ബാങ്കുകൾ അർഹരായ ആളുകൾക്ക് അംഗത്വം നിഷേധിക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കോലിയക്കോട് കൺസ്യൂമർ സഹകരണ സംഘം, തിരുവനന്തപുരം ഗവണ്മെന്റ് ആയുർവേദ കോളേജ് എംപ്ലോയീസ് സഹകരണ സംഘം, അണ്ടൂർക്കോണം സഹകരണ ബാങ്ക്, പുല്ലമ്പാറ സർവീസ് സഹകരണ ബാങ്ക്, ആലപ്പുഴ ജില്ലയിലെ കരുവാറ്റ സർവീസ് സഹകരണ ബാങ്ക്, തൃശ്ശൂർ ജില്ലയിലെ കേച്ചരി സർവീസ് സഹകരണ ബാങ്ക്, ചിറ്റാറ്റുകര സർവീസ് സഹകരണ ബാങ്ക്, ഗുരുവായൂർ വ്യാപാരി വ്യവസായി സഹകരണ സംഘം, കോഴിക്കോട് ജില്ലയിലെ പെരുവയൽ സർവീസ് സഹകരണ ബാങ്ക്, വേങ്ങേരി സർവീസ് സഹകരണ ബാങ്ക് എന്നിവയിന്മേൽ ലഭിച്ച പരാതികളിന്മേൽ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) അർഹതയുള്ള ഒരാൾക്ക് സഹകരണ ബാങ്കിൽ അംഗത്വം നിഷേധിച്ചാൽ എന്തു നടപടി ആർക്കെല്ലാം എതിരെ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ; | (ബി) 1969 ലെ കേരള സഹകരണ സംഘം യും നിയമത്തിലെ വകുപ്പ് 16(2) പ്രകാരം (സി) അംഗത്വത്തിനുള്ള അപേക്ഷ ഒരു സംഘത്തിന് യും നൽകി കഴിഞ്ഞാൽ അപേക്ഷ ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനകം സംഘം ആയത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. അപ്രകാരം |
| (സി) അംഗത്വം നിഷേധിക്കപ്പെടുന്നയാൾക്ക് സഹകരണ സംഘത്തിൽ (ബാങ്കിൽ) | |

(---2)

അംഗത്വം നേടുന്നതിന് എന്തെല്ലാമാണ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കുമോ ?

തീരുമാനം കൈക്കൊള്ളാത്ത പക്ഷം അപേക്ഷകന്റെ രേഖാമൂലമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ/രജിസ്ട്രാർ അംഗത്വം നൽകണമോ വേണ്ടയോ എന്ന് ഒരു മാസത്തിനുള്ളിൽ തീരുമാനിക്കേണ്ടതാണ് [വകുപ്പ് 16(2) എ] അപ്രകാരം ഒരു മാസത്തിനകം തീരുമാനം കൈക്കൊള്ളാത്തപക്ഷം, ഗവണ്മെന്റിനോ അല്ലെങ്കിൽ രജിസ്ട്രാർക്കോ (ജോയിന്റ് രജിസ്ട്രാർ തീരുമാനം കൈക്കൊള്ളാത്തപക്ഷം) നിവേദനം നൽകാവുന്നതും ആയതിന്മേൽ സർക്കാർ/രജിസ്ട്രാർ 30 ദിവസത്തിനകം തീരുമാനം കൈക്കൊള്ളേണ്ടതുമാണ് [വകുപ്പ് 16(2) ബി]. അംഗത്വത്തിനുള്ള അപേക്ഷ സംഘം നിരസിക്കുകയാണെങ്കിൽ ആയതിനുള്ള കാരണം സഹിതം ടി തീരുമാനം സംഘം അപേക്ഷകനെ 15 ദിവസത്തിനുള്ളിൽ അറിയിച്ചിരിക്കേണ്ടതാണ് ([വകുപ്പ് 16(3)]

സെക്ഷൻ ഓഫീസർ